HLM-0184

The Heavenly Light Ministry

സാധുവെന്നെ കൈവിടാതെ
നാഥനെന്നും നടത്തിടുന്നു സാധു
അന്ത്യത്തോളം ചിറകടിയിൽ
അവൻ കാത്തിടും ധരയിൽ
ആപത്തിലും രോഗത്തിലും
അവനാണെനിക്കഭയം... (02) സാധു
കണ്ണുനീരിൻ താഴ്വരയിൽ
കരയുന്ന വേളകളിൽ
കൈവിടില്ലെൻ കർത്തനെന്റെ കണ്ണുനീരെല്ലാം തുടക്കും
കൊടുങ്കാറ്റും തിരമാലയും പടകിൽ വന്നാഞ്ഞടിക്കും
നേരമെന്റെ ചാരെയുണ്ട് നാഥനെന്നും വല്ലഭനായ്...(02) സാധു
വിണ്ണിലെന്റെ വീടൊരുക്കി
വേഗം വന്നിടും പ്രീയനായ്
വേലചെയ്തെൻ നാൾകൾ തീർന്നു
വീട്ടിൽ ചെല്ലും ഞാനൊടുവിൽ... (02) സാധു